## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

# മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ് | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# Academic Master Plan 2025-2026

## Subject: English

## Section : UP

## School: St. Sebastian’s H.S.S, Koodaranhi

## 1. Objectives

- Enhance language proficiency (Listening, Speaking, Reading, Writing).
- Foster creativity and critical thinking through interactive activities.
- Promote collaborative learning and cultural awareness.

## 2. Monthly Themes & Activities

| Month | Theme | Activities | Assessment | Resources |
|---|---|---|---|---|
| **June 2025** | **Basics of Language** | - **Lend Your Ear**: Listening comprehension (audio stories).<br>- **Treasure Hunt**: Vocabulary games. | Oral Q&A, Worksheet completion. | Audio clips, flashcards. |
| **July 2025** | **Reading Fluency** | - **Reader's Theatre**: Dramatize short stories.<br>- **Reader of the Month**: Book reviews. | Reading aloud rubric, Peer feedback. | Library books, scripts. |
| **August 2025** | **Creative Writing** | - **I Too Can!**: Poster-making on idioms.<br>- **My Droplets**: Journal entries. | Portfolio submission (writing samples). | Chart paper, journals. |
| **September 2025** | **Speaking Skills** | - **One Man Show**: Solo storytelling.<br>- **FM Corner**: Weekly speaking tasks. | Rubric for clarity/confidence. | Timer, topic cards. |
| **October 2025** | **Cultural Exchange** | - **Meet the Foreigner**: Guest speaker session. | Participation marks, Reflection notes. | Guest speaker, costumes. |

| Month | Theme | Activities | Assessment | Resources |
|---|---|---|---|---|
| | | - **Role Play**: Cultural dialogues. | | |
| **November 2025** | **Grammar & Logic** | - **Fun Time Funda**: Grammar puzzles.<br>- **Alert Zone**: Peer editing. | Quiz scores, Error-spotting tasks. | Worksheets, online quizzes (Quizizz). |
| **December 2025** | **Holiday Project** | - **Holiday Scrapbook**: Document experiences in English. | Creativity rubric. | Scrapbooks, art supplies. |
| **January 2026** | **Collaborative Learning** | - **The Grand Camp**: 1-day English camp (debates, group projects).<br>- **Run Baby Run**: Grammar relay races. | Teamwork evaluation, Camp journal. | Camp materials, task cards. |
| **February 2026** | **Application** | - **Leaning Ladder**: Sentence-building games.<br>- **Breaking News**: Report writing. | Written test, News presentation. | Newspapers, word banks. |
| **March 2026** | **Revision & Showcase** | - **Reader of the Year** award.<br>- **Parent Showcase**: Student performances. | Term-end exam (oral + written). | Certificates, stage setup. |

**Special Days:**

- **July 12**: *Reader's Theatre Competition*.
- **January 26–28**: *Grand English Camp*.
- **March 15**: *Parent Showcase*.

**3. Teacher's Role**

- Facilitate interactive sessions.
- Provide personalized feedback via "FM Corner" (weekly student-teacher chats).

# അറബിക് - അക്കാദമിക മാസ്റ്റർ പ്ലാൻ - UP

| | പ്രവർത്തനം | ഉപപ്രവർത്തനം | കാലദൈർഘ്യം | ഭൗതികം |
|---|---|---|---|---|
| 1. | ഭാഷാശേഷികൾ ഉറപ്പിക്കൽ. | * പദക്കോടി<br>* അടിക്കുറിപ്പ്<br>* വാക്യ നിർമ്മാണം<br>* അക്ഷരം, ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>* പ്രിന്റെഡ്.<br>* വാക്കു നിർമ്മാണം<br>* കഥ, കവിത, ചിത്രകഥ. പ്രത്യേക പരിശീലനം, വർക്ക് ഷീറ്റ് | ജൂൺ ജൂലൈ | ചാർട്ട്, ICT ഭാഷാ പുസ്തകങ്ങൾ |
| 2. | വായനാ പരിപോഷണം | * കഥാ പുസ്തകങ്ങൾ. ക്വിസ്, ലൈബ്രറി അറബിക് വാർത്താ ശ്രവണം. | ഒരു വർഷം | |
| 3. | ക്ലബ്ബ് രൂപീകരണം | * ഭാഷാ ജ്ഞാനം വർധിപ്പിക്കുന്നതിനും സർഗശേഷി വർധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ചെയ്യുന്ന ശാക്തോദ്യാനം. ഉദ്യാനം. | ഒരു വർഷം. | |
| 4. | മികച്ച രചന | * വായനാക്കുറിപ്പ്, പോസ്റ്റർ നിർമ്മാണം<br>* മാഗസിൻ നിർമ്മാണം. | ആഗസ്റ്റ്, സെപ്റ്റംബർ ഒക്ടോബർ. | |
| 5. | ഭാഷാ പ്രദർശനം | * നാണയങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ<br>* മൃഗങ്ങൾ. പക്ഷികൾ. നിത്യോപയോഗ സാധനങ്ങൾ. ചിത്രങ്ങൾ ശേഖരിച്ച് അറബിയിൽ പേരുകൾ പ്രദർശിപ്പിക്കുന്നു. | വർഷത്തിൽ ഒരു തവണ. | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ (urdu)

### പ്രവർത്തന കലണ്ടർ

| | |
|---|---|
| ലക്ഷ്യം | |
| പ്രക്രിയ | ഒരു ദിവസം ഒരു വാക്ക് എന്ന മത്സരം<br>ഒരു ദിവസം ഒരു വാക്ക് വെച്ച് കൊടുക്കുന്നു അത്യ അവസാനം മത്സരം നടത്തി സമ്മാനം നൽകുന്നു.<br>പോസ്റ്റർ നിർമ്മാണം.<br>ഫീൽഡ് ട്രിപ്പ്<br>പാഠഭാഗവുമായി ബന്ധപ്പെട്ട് സ്ഥലങ്ങൾ സന്ദർശിക്കുന്നു. |
| കാലയളവ് | ജൂൺ മുതൽ മാർച്ച് വരെ |
| സാമ്പത്തികം | ഉർദു അധ്യാപകർ, PTA |
| ഡോക്യുമെന്റേഷൻ | പദ്ധതിയുടെ ഉദ്ഘാടനം മുതൽ ഗ്രാൻഡ്ഫിനാലെ വരെയുള്ള പരിപാടികളുമായി ബന്ധപ്പെട്ട ഫോട്ടോ, വീഡിയോ, റിപ്പോർട്ട്. |

## മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | പി.ടി.എ സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | **Atal Tinkering Laboralory** പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# മേഖല - ഹൈസ്കൂൾ - മലയാളം (2025-26)

പ്രശ്നം - മലയാളം എഴുതാനും വായിക്കാനുമുള്ള പിന്നാക്കാവസ്ഥ

ലക്ഷ്യം - ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ, കുട്ടിയെ മികച്ച വായനക്കാരനാക്കുക.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | പിന്തുണ/ ഭൗതികം | മോണിറ്ററിംഗ് |
|---|---|---|---|---|
| - പ്രീടെസ്റ്റ്<br>- അക്ഷരം ഉറപ്പിക്കൽ<br>- അടയാളം ഉറപ്പിക്കൽ<br>- അക്ഷരകാർഡ് നൽകൽ<br>- വാക്കുകൾ എഴുതിയ കാർഡ്<br>- വാക്കുകൾ നിർമ്മിക്കുക<br>- വാക്യങ്ങൾ നിർമ്മിക്കുക.<br>- ചിത്രം - അടിക്കുറിപ്പ്<br>- ചിത്രം - കഥ എഴുതൽ | അധ്യാപകർ<br>പി. ടി. എ | ജൂൺ മുതലുള്ള<br>പ്രവർത്തനം | അധ്യാപകർ<br>പി. ടി. എ<br>പിയർ ഗ്രൂപ്പ്<br><br>പുസ്തകം<br>ചിത്രങ്ങൾ | പ്രതിമാസ<br>മൂല്യനിർണയം |

മേഖല - ഹൈസ്കൂൾ മലയാളം (2025-26)

| പ്രവർത്തനങ്ങൾ | ചുമതല | കാലം | പിന്തുണ/ ഭൗതികം | മോണിറ്ററിംഗ് |
|---|---|---|---|---|
| - ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>- സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>- വായനോത്സവം സംഘടിപ്പിക്കൽ<br>- പത്രവായന<br>- പുസ്തകചർച്ച<br>- വായനാനുഭവം<br>- വായനാക്കുറിപ്പ് പതിപ്പ്<br>- ദിനാചരണം<br>- വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>- ഇ-വായന<br>- ആനുകാലിക പ്രസിദ്ധീകരണ വായന | അധ്യാപകർ<br>പി.ടി.എ | ജൂൺ മുതലുള്ള പ്രവർത്തനം. | - അധ്യാപകർ<br>പിയർഗ്രൂപ്പ്<br>- ക്ലാസ് ലൈബ്രറി<br>- പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ | നിരന്തര മൂല്യനിർണയം.<br>പ്രതിമാസ മൂല്യനിർണയം. |

# HIGH SCHOOL SECTION

## ENGLISH 2025 - 26

| Programme | Activity | Responsibility | Duration | Fund | Agency | Monitoring |
|---|---|---|---|---|---|---|
| NOUN | Identifying Noun<br>Definition of Noun | Parents and Teachers | June | 300 | P.T.A | Observation |
| Verb | Identifying Verb<br>Sorting of Regular and irregular Verbs | Peer Group<br>Teachers | July | 300 | P.T.A | Observation |
| Narration | Narrate events in the Stories from Text book | Peer Group<br>Teachers | August | | | Observation |
| Pronoun | Self Introduction<br>Finding out Pronouns from Stories | Peer Group<br>Teachers | September | | | Observation |
| Audio Visual | Speeches of great personalities.<br>Short films | Teachers<br>Peer Group | October<br>November | 800 | | Observation |

| Programme | Activity | Responsibility | Duration | Fund | Agency | Monitoring |
|---|---|---|---|---|---|---|
| Choreography | Enact the stories poems based on the text book. | Peer Group Teachers | December January | 400 | P.T.A | Observation |
| Speech | Speech on eminent persons and also on important days | Teachers Parents | January February | . | - | Observation |
| Drama Club | Drama and Theatre. Writing Screenplays | Parents Teachers Peer Group | February | 800 | P.T.A | Observation |
| Collecting Photos and Profiles | Collecting photos and short biographies of eminent sports persons | Parents | April May | . | - | Observation |
| | | | | | | |

# HINDI (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|
| 1. അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവയുടെ പഠനം.<br><br>2. ഹിന്ദി നന്നായി എഴുതാനും വായിക്കാനുമുള്ള ശേഷി കൈവരിക്കൽ. | 1. അക്ഷരങ്ങൾ ഉറയ്ക്കാത്ത കുട്ടികളെ കണ്ടെത്തുന്നു.<br>2. Smart class room ന്റെ സഹായത്തോടെയുള്ള അക്ഷരങ്ങളുടെ പഠനം.<br>3. മലയാള അക്ഷരങ്ങൾക്ക് സമാനമായ ഹിന്ദി അക്ഷരങ്ങൾ എഴുതാനുള്ള അഭ്യാസം.<br>4. സ്വരചിഹ്നങ്ങളുടെ പഠനം, അക്ഷരങ്ങൾ കൂട്ടിവായിക്കാനുള്ള പരിശീലനം നൽകുന്നു.<br>5. Spoken Hindi Classകൾ കൊടുക്കുന്നു.<br>6. വായനാശീലം വർദ്ധിപ്പിക്കാനും ഹിന്ദിയോടുള്ള അഭിരുചി വർദ്ധിപ്പിക്കാനുമായി ചിത്രങ്ങളോടു കൂടിയ ചെറു പുസ്തകങ്ങൾ നൽകുന്നു. | 2025 ജൂൺ<br><br>ആഴ്ചയിൽ 2 ദിവസം 1 മണിക്കൂർ | ഹിന്ദി അധ്യാപകർ<br><br>ഹിന്ദി അധ്യാപകർ | H.M |

H S HINDI

* കുട്ടികൾക്ക് ഹിന്ദി അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ പൂർണ്ണമായും അറിയില്ല.
* അക്ഷരങ്ങൾ അറിയാമെങ്കിലും എഴുതാനും വായിക്കാനുമുള്ള ബുദ്ധിമുട്ട്.
* പദസമ്പത്തിന്റെ കുറവ്.
* വ്യാകരണത്തിലുള്ള അറിവില്ലായ്മ മൂലം ശരിയായ രീതിയിൽ എഴുതി ഫലിപ്പിക്കാൻ കഴിയാത്ത അവസ്ഥ.
* ദൈനംദിന ജീവിതത്തിലെ ഹിന്ദിയുടെ പ്രയോഗത്തിലുള്ള പരിചയക്കുറവ്.

# PHYSICAL SCIENCE (HS)

പ്രശ്നം : ശാസ്ത്രാഭിരുചി വളർത്താനുള്ള സാഹചര്യക്കുറവ്

ലക്ഷ്യം : കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ

| പ്രവർത്തനങ്ങൾ | ചുമതല | കാലം | പിന്തുണ | മോണിറ്ററിംഗ് |
|---|---|---|---|---|
| ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | സയൻസ് അധ്യാപകർ | ജൂൺ - ആഗസ്റ്റ് | PTA | |
| ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പരിചയപ്പെടൽ | സയൻസ് അധ്യാപകർ | വർഷത്തിൽ 1 തവണ | | |
| സ്കൂൾ തല ശാസ്ത്രമേള | സയൻസ് അധ്യാപകർ | സെപ്റ്റംബർ | | |
| ഗവേഷണാത്മക പ്രോജക്ട് | സയൻസ് ക്ലബ് | ആവശ്യമുള്ള സന്ദർഭങ്ങൾ | School staff | |

| പ്രവർത്തനങ്ങൾ | ചുമതല | കാലം | പിന്തുണ | മോണിറ്ററിംഗ്. |
|---|---|---|---|---|
| • കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ. | സയൻസ് അധ്യാപകർ. | 6 മാസത്തിൽ ഒരിക്കൽ. | School staff | |
| • തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ. | സയൻസ് അധ്യാപകർ | 3 മാസം. | | |
| • പരിസ്ഥിതി സൗഹൃദ മനോഭാവം. - സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | സയൻസ് അധ്യാപകർ | അക്കാദമിക വർഷം. | PTA, School staff, വിദ്യാർത്ഥികൾ. | |
| • പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പരിശീലനം. | SRG, സയൻസ് അധ്യാപകർ | ആഴ്ചയിൽ 1 ദിവസം | | |
| • പുത്തൻ സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്നു. | സയൻസ് ക്ലബ്ബ് | അക്കാദമിക വർഷം. | | |

# H.S SCIENCE (BIOLOGY)

പ്രശ്നം - കുട്ടികളിൽ ശാസ്ത്രാഭിരുചി, പ്രകൃതിസ്നേഹം, കാർഷികാഭിരുചി തുടങ്ങിയവ വളർത്തുവാനുള്ള സാഹചര്യക്കുറവ്.

ലക്ഷ്യം - കുട്ടികളിൽ ശാസ്ത്രാഭിരുചി, പരിസ്ഥിതി സംരക്ഷണം, കൃഷി എന്നിവയിൽ അഭിരുചി വളർത്തൽ

| പ്രവർത്തനങ്ങൾ | ചുമതല | കാലം | പിന്തുണ | മോണിറ്ററിങ് |
|---|---|---|---|---|
| ശാസ്ത്രലാബിന്റെ നവീകരണം | സയൻസ് അധ്യാപകർ | ജൂൺ - ആഗസ്റ്റ് | സയൻസ് ക്ലബ്, | |
| സ്കൂൾ തല ശാസ്ത്രമേള | സയൻസ് അധ്യാപകർ | സെപ്റ്റംബർ | PTA | |
| ഗവേഷണാത്മക പ്രൊജക്ട് | സയൻസ് ക്ലബ് | ആവശ്യമായ സന്ദർഭങ്ങളിൽ | PTA, സ്റ്റാഫ് അംഗങ്ങൾ | |
| പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ | ജീവശാസ്ത്ര അധ്യാപകർ | ജൂൺ - ജനവരി | സ്റ്റാഫ് അംഗങ്ങ | |
| വൃക്ഷത്തൈകൾ നടീൽ | അധ്യാപകർ, ക്ലബ് അംഗങ്ങൾ | ജൂൺ - ആഗസ്റ്റ് | | |
| പച്ചക്കറി തോട്ടനിർമ്മാണം | ക്ലബ് അംഗങ്ങൾ, അധ്യാപകർ | സെപ്റ്റംബർ - ജനുവരി | PTA | |
| പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കുള്ള പരിശീലനം | അധ്യാപകർ | അക്കാദമിക വർഷം മുഴുവൻ | PTA | |

HS- <u>ഗണിതം.</u>

പ്രശ്നം : 8, 9, 10 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി ശേഷി നേടാൻ കഴിയുന്നില്ല.
കുട്ടികൾക്ക് ഗണിത പഠനത്തിന് താൽപര്യം കുറയുന്നു.

ലക്ഷ്യം : എല്ലാ കുട്ടികളും ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ കൈവരിക്കുക.
ഗണിതപഠനം ആകർഷകമാക്കുക.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | പിന്തുണ | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| * ഗണിതം സുന്ദരം :- ചതുഷ്ക്രിയകൾ, ഭിന്നസംഖ്യകൾ, ദശാംശസംഖ്യകൾ, ശതമാനം, പലിശ<br>* ഗണിതം നിത്യജീവിതത്തിൽ നീളങ്ങൾ, ഭാരം, ഉള്ളളവ്, സ്ഥലത്തിന്റെ അളവുകൾ, സ്വർണ്ണത്തിന്റെ അളവ്, അടിയുടെ അളവുകൾ, നാണയം | ഗണിത അധ്യാപകർ | തുടർ പരിപാടി | * ICT<br>* ലൈബ്രറി<br>* രക്ഷിതാക്കൾ<br>* ഗണിത പ്രഗത്ഭർ<br>* തടിക്കച്ചവടക്കാർ<br>* സ്വർണ്ണക്കടക്കാർ<br>* നിർമ്മാണ തൊഴിലാളികൾ | | കമ്മിറ്റി |

HS - ഗണിതം

| പ്രവർത്തനങ്ങൾ | ചുമതല | കാലം | പിന്തുണ | സാമ്പത്തികം | മോണിറ്ററിംഗ് |
| --- | --- | --- | --- | --- | --- |
| * ജ്യാമിതിയ രൂപങ്ങളുടെയും മോഡലുകളുടെയും നിർമ്മാണം<br>* ഗണിത ക്വിസുകൾ സംഘടിപ്പിക്കുന്നു.<br>* മൂല്യനിർണ്ണയം<br>* എക്സിബിഷൻ നടത്തുക.<br>* ഗണിതലാബ് സജ്ജമാക്കൽ<br>* ICT യുടെ സഹായത്തോ-ടെയുള്ള പഠനം | ഗണിത അധ്യാപകർ | തുടർ പരിപാടി | * ICT<br>* ലൈബ്രറി<br>* രക്ഷിതാക്കൾ | | കമ്മിറ്റി |

# Social Science :- (H.S)

പ്രശ്നം : ① പൊതു വിജ്ഞാനത്തിൽ കുട്ടികൾക്കുള്ള പിന്നോക്കാവസ്ഥ
② പാഠപുസ്തക ജ്ഞാനത്തിനപ്പുറം അനുഭവ ജ്ഞാനത്തിന്റെ അഭാവം

ലക്ഷ്യം :- ① കുട്ടികളെ പൊതു പരീക്ഷകൾ അനായാസമായി അഭിമുഖീകരിക്കാൻ സജ്ജരാക്കുക
② സാമൂഹ്യ ശാസ്ത്ര പഠനത്തിലെ പൊതു സ്ഥാപനങ്ങളിലെയും ചരിത്ര സ്മാരകങ്ങളെയും നേരിട്ടറിയുക.

| പ്രവർത്തനങ്ങൾ | ചുമതല | കാലം | പിന്തുണ | സാമ്പത്തികം | മോണിറ്ററിങ് |
|---|---|---|---|---|---|
| ① GK - Challenge<br>- കുട്ടികളിൽ പൊതു വിജ്ഞാനവും ആനുകാലിക സംഭവങ്ങളും കോർത്തിണക്കി - ഒരു daily quiz programme -<br>- പത്രവായന<br>- Daily 5 ചോദ്യങ്ങൾ<br>- മാസാവസാനം mega quiz<br>- വർഷാവസാനം ക്വിസ് | Social Science club | 1 വർഷം | ICT<br>ഐടി clubകൾ | PTA<br>Sponser | HM<br>PTA<br>SRG |
| ② Field Trip<br>(Acadamic Adventures)<br>- പൊതു സ്ഥാപനങ്ങൾ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ സന്ദർശിച്ച് വിവര ശേഖരണം നടത്തുക.<br>അനുഭവങ്ങൾ ആർജ്ജിക്കുക. | Social Science Club | one in a term (3) | PTA | Sponsers<br>PTA | HM<br>PTA<br>SRG |

# ആരോഗ്യ കായിക വിദ്യാഭ്യാസം

ശാരീരികവും മാനസികവുമായ വളർച്ച കുട്ടികളിൽ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുന്നതിന് സാധിക്കുന്ന കുട്ടികളെ യോഗ്യരാക്കി സഹായിക്കുന്നു.

5-10 ക്ലാസ്സ് വരെയുള്ള കുട്ടികളെ കായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഏജൻസി | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| താൽപര്യം ഉള്ള കുട്ടികളിൽ കായിക പരിശീലനം നൽകുക | പ്രത്യേക സമയങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു | ജൂൺ മുതൽ മെയ് വരെ | കായിക അധ്യാപകർ | | PTA | വിദ്യാലയ കായിക വികസന സമിതി |
| വിവിധ തരം കളികൾ പരിചയപ്പെടുത്തുന്നു | കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അതിനനുസരിച്ച് കളികൾ പഠിപ്പിക്കുന്നു. | ജൂൺ മുതൽ മെയ് വരെ | കായിക അധ്യാപകർ | | PTA | 〃 |
| കുട്ടികൾക്ക് താൽപര്യമുള്ള കളികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു | തിരഞ്ഞെടുത്ത കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. | ജൂൺ മുതൽ മെയ് വരെ | കായിക അധ്യാപകർ | | PTA | 〃 |

2025-26- അക്കാദമിക് മാസ്റ്റർപ്ലാൻ - കലാപഠനം - (1)

പ്രശ്നം - നിത്യജീവിതത്തിൽ കലാസാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യം മനസ്സിലാക്കികൊടുക്കുക.

ലക്ഷ്യം - സംഗീതം, നൃത്തം, നാടകം, ചിത്രകല, ദൃശ്യശ്രാവ്യ കലാരൂപങ്ങളേയും പരിചയപ്പെടുത്തുകയും, അതിൽ അടിസ്ഥാന അറിവ് നേടുകയും ചെയ്യുക.

| | |
|---|---|
| പ്രൊജക്ടുകൾ - കലാപഠനം | |
| കലാപഠന ലൈബ്രറി | - സംഗീതം, നൃത്തം, നാടകം, ചിത്രകല, സിനിമ എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള രചനകളും, ഓഡിയോ, വീഡിയോ ശേഖരങ്ങളും ഉണ്ടാക്കുക. |
| സംഗീത ദിനാചരണങ്ങൾ | - സംഗീതം, നൃത്തം, നാടകം, ചിത്രകല, ദിനങ്ങളിൽ കുട്ടികളേയും, രക്ഷാകർത്താക്കളേയും പങ്കെടുപ്പിച്ച്കൊണ്ട് ആചരിക്കുക. |
| കലാപഠന കളരികൾ | - താല്പര്യമുള്ള കുട്ടികൾക്ക് വേണ്ടി സംഗീത, നൃത്ത, അഭിനയ ചിത്രരചന കളരികൾ സംഘടിപ്പിക്കുക. |
| കലാപഠന യാത്രകൾ | - കലാസാംസ്കാരിക പ്രവർത്തനങ്ങളെ അടുത്തറിയുന്നതിന വേണ്ടിയുള്ള പഠന യാത്രകൾ സംഘടിപ്പിക്കുക. |

| | |
|---|---|
| വിവിധ മത്സരങ്ങൾ - | സംഗീത, നൃത്ത, നാടക, ചിത്രരചന, സിനിമ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുക. |
| പ്രത്യേക പരിശീലനം - | ഓരോ മേഖലയിലും കഴിവും താൽപര്യവുമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക. |
| I.T സാധ്യതകൾ പ്രയോജനപ്പെടുത്തുക - | കലാ സാംസ്കാരിക ചാനലുകൾ, സമഗ്ര പോർട്ടൽ, സ്കൂൾ റിസോഴ്സ് ഫോൾഡർ എന്നിവ വഴി, സാങ്കേതിക വിദ്യകളുടെ സാധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് സംഗീത, നൃത്ത, നാടക, ചിത്രരചന പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്ന സിനിമകൾ ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ, ഇന്റർവ്യൂകൾ തുടങ്ങിയവ പ്രദർശിപ്പിക്കുകയും മറ്റും ചെയ്യുക. |

## - കലാപഠനം -

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പഠനോപകരണങ്ങൾ | പിന്തുണ | മോണിറ്ററിങ്ങ് |
|---|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും, കലാ സാംസ്കാരിക അഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ. | വിവിധ കലാ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്ന ലേഖനങ്ങൾ, ചിത്രങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ ശേഖരിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | സംഗീതോപകരണങ്ങൾ, പുസ്തകങ്ങൾ, വീഡിയോകൾ, ചിത്രങ്ങൾ മുതലായവ | P.T.A., മാനേജ്മെന്റ്, സ്കൂൾ തലം | മോണിറ്ററിങ്ങ് കമ്മറ്റി. |
| 2) എല്ലാ കുട്ടികളിലേയും സംഗീത നൃത്ത, അഭിനയ, ചിത്രരചന, സിനിമ മേഖലകളിലെ കഴിവ് കണ്ടെത്തി ശേഷി വികസിപ്പിക്കൽ. | വിവിധ ടെസ്റ്റുകൾ നടത്തി മികവുകളും, കുറവുകളും, പരിമിതികളും കണ്ടെത്തുന്നു. | | | | |
| 3) സംഗീത, നൃത്ത, നാടക, ചിത്രരചന, സിനിമ മേഖലകളിലെ അടിസ്ഥാന ആശയങ്ങൾ എല്ലാ കുട്ടികളിലും എത്തിക്കുക. | ഈ വിഷയങ്ങളിൽ അടിസ്ഥാന അറിവ് പകരുന്ന ലേഖനങ്ങൾ, ഡോക്യുമെന്ററികൾ, വിദഗ്ദ്ധരുടെ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക. | | | | |
| 4) സംഗീത ക്ലാസ്സുകൾ. | താൽപര്യമുള്ളവരെ കണ്ടെത്തി പ്രത്യേക പരിശീലനം, സ്കൂൾ സമയത്തിന് ശേഷവും നൽകി അവരെ ആ മേഖലയിൽ നിപുണരാക്കുക. | | | | |

# Work Integrated Education

## പ്രവൃത്തി പഠനം

പ്രശ്നം :- സർഗ്ഗാത്മകത, നിരീക്ഷണ പാടവം, വ്യക്തിത്വ വികസനം തുടങ്ങിയവ കുട്ടികൾ വളർത്തിയെടുക്കുവാൻ കഴിയുന്നു. ഇത് സാധിക്കാത്ത കുട്ടികളെ ക്രിയാത്മകമായി സഹായിക്കുന്നു.

ലക്ഷ്യം :- 5 മുതലുള്ള ക്ലാസുകളിൽ പ്രവർത്തി പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | ഏജൻസി | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| വിനോദവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | Toys നിർമ്മാണം ചിരട്ട ഉപയോഗിച്ച് അലങ്കാരവസ്തുക്കൾ നിർമ്മാണം | ജനുവരി, ഫെബ്രുവരി, മാർച്ച് (3 മാസം) | Work Integrated Education Teacher | സ്ഥാപനങ്ങൾ | സംഘടനകൾ | |
| പ്രകൃതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും മറ്റ് നിർമ്മാണവും നടത്തുക | പച്ചക്കറി തോട്ട നിർമ്മാണം, പഴവർഗ്ഗങ്ങൾ ഉപയോഗിച്ച് സ്ക്വാഷ്, ജാം നിർമ്മാണം | ജൂൺ, ജൂലൈ, ആഗസ്റ്റ് | Work Integrated Education Teacher | സ്ഥാപനങ്ങൾ | | |
| സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുന്നു. | ചോക്ക് നിർമ്മാണം, സോപ്പ് നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം. | സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ | ക്ലാസ് ടീച്ചർ, പേരന്റ്സ് അയൽക്കൂട്ടം. | സംഘടനകൾ | | |

Work Integrated Education

| | | | | | | |
|---|---|---|---|---|---|---|
| വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനോടൊപ്പം പ്രവർത്തിപരിചയത്തിലും ശ്രദ്ധ പുലർത്തുന്നു | കുടകൾ, തുന്നി മറ്റ് വസ്തുക്കൾ എന്നിവ ഉപയോഗിച്ച് ചവിട്ടി നിർമ്മാണം, ഭോട്ബാഗുകളുടെ നിർമ്മിപ്പ് | ജനുവരി, ഫെബ്രുവരി, മാർച്ച് (3മാസം) | Work Integrated Education Teacher | സ്ഥാപനങ്ങൾ | | |
| വിനോദവേളകളിലെ പ്രവർത്തനങ്ങൾ കുട്ടികൾ ചെയ്യുന്നു. | ഫാബ്രിക് പെയിന്റിംഗ്, പേപ്പർ ബാഗ് പ തിലിലും കൂട നിർമ്മാണം | ഡിസംബർ അവധിക്കാലം | Work Integrated Education Teacher | വിവിധ സാമൂഹിക സ്ഥാപനങ്ങൾ. | | |